# Malayala Manorama

## 17 August 2018

## Fort kochi : Rescue operation

# കാരുണ്യഹസ്തങ്ങൾ യോജിപ്പിച്ച് 'അൻപൊട് കൊച്ചി'

### ആവശ്യം ബ്രെഡ്, റസ്ക് തുടങ്ങിയ ഭക്ഷണസാധനങ്ങൾ

കൊച്ചി ● അപ്രതീക്ഷിതമായെത്തിയ ദുരിതത്തിനു മുൻപിൽ ജില്ല പകച്ചു നിൽക്കുമ്പോൾ കൈത്താങ്ങുമായി അൻപൊട് കൊച്ചി. ജില്ലാ ഭരണകൂടം അൻപൊട് കൊച്ചിയുമായി ചേർന്നു കടവന്ത്ര റീജനൽ സ്പോർട്സ് സെന്ററിൽ നടത്തുന്ന ക്യാംപിൽ നൂറു കണക്കിന് യുവാക്കളാണു ഒരേ മനസ്സോടെ പ്രവർത്തിക്കുന്നത്. കോളജുകളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഒട്ടേറെപ്പേർ വൊളന്റിയർമാരായി പ്രവർത്തിക്കാനെത്തി.

ദുരിതാശ്വാസ ക്യാംപുകളിലേക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ അൻപൊട് കൊച്ചി മുഖ്യ പങ്ക് വഹിക്കുന്നു. റീജനൽ സ്പോർട്സ് സെന്ററിലെ ക്യാംപിലാണ് അവശ്യവസ്തുക്കൾ ശേഖരിച്ച് വിതരണം നടത്തുന്നത്.

മഴക്കെടുതികൾ ആരംഭിച്ചതു മുതൽ ജില്ലാ ഭരണകൂടം അൻപൊട് കൊച്ചിയുമായി ചേർന്ന് അവശ്യവസ്തുക്കൾ ശേഖരിച്ചു വിതരണം ചെയ്യുന്നുണ്ട്. എന്നാൽ, കഴിഞ്ഞ രണ്ടു ദിവസമായി സ്ഥിതിഗതികൾ വഷളായി.

നേരത്തേ വയനാട്, ഇടുക്കി ജില്ലകളിലേക്ക് അവശ്യവസ്തുക്കൾ കയറ്റി അയച്ചിരുന്നെങ്കിലും ഇപ്പോൾ ജില്ലയ്ക്കുള്ളിലെ ക്യാംപുകളിൽ എത്തിക്കാൻ തന്നെ സാധനങ്ങൾ തികയുന്നില്ല.

വ്യാപാരി സമൂഹവും വ്യക്തികളും മത, രാഷ്ട്രീയ സംഘടനകളും ഇവിടേക്ക് ഇടതടവില്ലാതെ സാധനങ്ങൾ എത്തിക്കുന്നുണ്ട്. ഇത് ഏകോപിപ്പിക്കാൻ അൻപൊട് കൊച്ചി വിപുലമായ സംവിധാനങ്ങളും ഒരുക്കിയിരിക്കുന്നു. എട്ടു സംഘങ്ങളായി തിരിഞ്ഞാണു സാധനങ്ങൾ പാക്ക് ചെയ്യുന്നത്. ഭക്ഷണസാധനങ്ങൾ കൊണ്ടുപോകാനും ഒട്ടേറെ വാഹനങ്ങൾ രംഗത്തു വന്നിട്ടുണ്ട്.

ക്യാംപുകളിൽ നിന്നും ആളുകളിൽ നിന്നുമുള്ള നേരിട്ടുള്ള ആവശ്യങ്ങൾ ഇപ്പോൾ പരിഗണിക്കുന്നില്ല. പകരം ജില്ലാ ഭരണകൂടവും താലൂക്ക് ഓഫിസുകളും പറയുന്നതനുസരിച്ചാണു സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നത്. അരി, പച്ചക്കറി തുടങ്ങിയവയേക്കാൾ ബ്രെഡ്, റസ്ക് മുതലായ ഭക്ഷണ സാധനങ്ങളാണ് ഇപ്പോൾ ആവശ്യം.

പല ക്യാംപുകളിലും ഭക്ഷണം പാകം ചെയ്തു കഴിക്കാൻ സാധിക്കാത്തതാണ് ഇതിനു കാരണം. മഴക്കെടുതികൾ അവസാനിക്കുന്നതു വരെ പ്രവർത്തനങ്ങൾ തുടരുമെന്നു ഭാരവാഹികൾ അറിയിച്ചു.



മട്ടാഞ്ചേരി ചുള്ളിക്കൽ പള്ളി സെമിത്തേരി വളപ്പിൽ നിന്നിരുന്ന മരം കാറ്റിൽ റോഡിലേക്കു മറിഞ്ഞപ്പോൾ. മരത്തിനടിയിൽപെട്ട കണ്ടെയ്നർ ലോറിയും കാണാം. മരം പിന്നീട് അഗ്നിരക്ഷാ സേനാംഗങ്ങളെത്തി മുറിച്ചു മാറ്റി.